സമ്മേളിച്ച സഭയിൽ..... (ബഹളം)..... ഞാൻ ഒരു കാര്യം കൂടി പറയട്ടെ. ഇന്നലെ ഈ സഭ സമ്മേളിച്ചു. ഈ വിഷയം സംബന്ധിച്ച പ്രമേയം വരേണ്ടത് ഇന്നലെയാണ്. ഞാൻ എന്റെ ഭാഗത്തു നിന്നും പറയുകയാണ്..... (ബഹളം)..... ഇന്നലെ സഭ സമ്മേളിച്ച സമയത്ത് ആ നിയോജക മണ്ഡലത്തിലെ എം.എൽ.എ പ്രൊഫ.എ.വി.താമരാക്ഷൻ.....(ബഹളം).....ഞാൻ പറയുന്നതു കേൾക്കൂ. ഇന്നലെ ഒരംഗം, ഉദാഹരണത്തിന് പ്രൊഫ. എ.വി. താമരാക്ഷൻ ഇത് ഒരു സബ്മിഷനായി തന്നിരുന്നുവെങ്കിൽ ഇന്നുന്നയിക്കാൻ കഴിയുമോ? എന്റെ ചോദ്യം.....(ബഹളം)..... പ്രതിപക്ഷ നേതാവ് അവസാനം പെയറിനു മുൻപിൽ വച്ച് ഒരു നിർദ്ദേശം. സഭ നിർത്തിവച്ച് തീരുമാനം എടുക്കണമെന്നാണ്. ചെയറിനു ഒരു തീരുമാനമെടുക്കാൻ സഭ നിർത്തിവയ്ക്കേണ്ടതായിട്ടില്ല. സഭയുടെ സമയം അങ്ങനെ നഷ്ടപ്പെടുത്തേണ്ടതില്ല. ചെയർ തീരുമാനം എടുക്കാം. അതുകൊണ്ട് ഇത് അടിയന്തിര പ്രമേയമായിട്ട് ഇവിടെ ഉന്നയിക്കുവാൻ അനുവാദം നൽകുന്നു. കാര്യം മുഖ്യമന്ത്രിയുടെ വിശദീകരണത്തിന് ശേഷം തീരുമാനിക്കും.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ബഹുമാനപ്പെട്ട ചെയറിനോട് ഒരു ചോദ്യം, ബഹളം കൂട്ടിയാൽ അനുവദിക്കുമോ?

മി. സ്പീക്കർ : സഭാനടപടികൾ നടക്കാൻ വേണ്ടിയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : എന്നാൽപ്പിന്നെ ഇപ്പുറത്തും ബഹളം കൂട്ടിയാൽ അത് വേണ്ടായെന്ന് വയ്ക്കാമല്ലോ. ബഹളം കൂട്ടിയാൽ അനുവദിക്കുമെങ്കിൽ വേണ്ടായെന്നു വയ്പിക്കാമല്ലോ.....(ബഹളം).....പിന്നല്ലാതെ.... കാണിച്ചത് റൗഡീസമല്ലേ? വൃത്തികേടല്ലേ? ഞാൻ അതിനോടു യോജിക്കുന്നില്ല. ബഹളം കൂട്ടുകയാണെങ്കിൽ ഇപ്പുറത്തും ബഹളം കൂട്ടാം. അപ്പുറത്തും ബഹളം കൂട്ടാം. അസംബ്ലി എങ്ങനെ നടത്തണമെന്ന് പിന്നെ തീരുമാനിച്ചാൽ മതി. ബഹളം കൂട്ടുകയാണെങ്കിൽ ഇപ്പുറത്തും കൂട്ടാം. എ.കെ.ആന്റണി അപ്പുറത്ത് ഇരുന്നാൽ പോരല്ലോ. എന്താ ഇയാളുടെ ജനാധിപത്യം. ഇതാണോ ജനാധിപത്യം. ഞങ്ങളെല്ലാം ഇറങ്ങുകയാണ് താഴേയ്ക്ക്...വേണ്ട... അസംബ്ളി പിരിച്ചുവിട്. ആര്യാടനു ആവശ്യം അസംബ്ലി പിരിച്ചു വിടുകയല്ലെ. അത് നടക്കുകയില്ല. അസംബ്ളി പിരിച്ചുവിടൽ നടക്കുകയില്ല. ബഹളം കൂട്ടിയാൽ സമ്മതിക്കുമെങ്കിൽ ഞങ്ങളും ബഹളം കൂട്ടും. ഞാൻ മറുപടിയും പറയുകയില്ല.....(ബഹളം).....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....റൂൾ 50

അടിയന്തിര പ്രമേയം

മദ്യവിരുദ്ധ പ്രവർത്തകൻ സതീഷ്കുമാറിന്റെ മരണത്തെ തുടർന്നുള്ള സംഭവവികാസങ്ങൾ

മി. സ്പീക്കർ : ഹരിപ്പാടിനടുത്തുള്ള പള്ളിപ്പാട് സതീഷ് കുമാർ കൊല ചെയ്യപ്പെട്ടതിനെത്തുടർന്ന് ആലപ്പുഴ ജില്ലയിലാകെ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ.കെ.സി വേണുഗോപാൽ, ചെർക്കളം അബ്ദുള്ള, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്..... ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : നിങ്ങളൊന്നു ശാന്തരായിട്ടിരിക്ക്. ഇത് അനുവദിച്ചാലും കുഴപ്പമാണോ? എന്താണിവിടെ സഭ നടത്തണ്ടേ? സഭ നടത്തുന്നതിനുവേണ്ടി ചെയ്ത കാര്യമാണ്. സഭ നിർത്തി വയ്ക്കാൻ ബുദ്ധിമുട്ടില്ല. എത്ര സമയം വേണമെങ്കിലും നിർത്തി വയ്ക്കാം. സഭ നടക്കേണ്ടേ? അതിനോട് സഹകരിക്കണ്ടേ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഇതും സംബന്ധിച്ച് പറയണോ എന്നുള്ള കാര്യം ഞാൻ ആലോചിക്കുകയാണ്. വാ..... വാ..... ഇറങ്ങെടോ.... താഴെ ഇറങ്ങ്.....നമുക്ക് നോക്കാം ഒരു കൈ (ബഹളം)..... നടക്കും.....ഇരുത്തും..... അതുതന്നെ....മനസ്സിലായോ?.....(ബഹളം).....ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട്ട് വില്ലേജിൽ... (ബഹളം)....നിങ്ങളുടെ ഗുണ്ടായിസം.... എ.കെ ആന്റണിയുടെ ഡെമോക്രസി ഇങ്ങനെയാണോ? ഇതാണോ ഡെമോക്രസി.... (ബഹളം).....ബഹളം കൂട്ട്. ഇപ്പുറത്തും കൂട്ടും. നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ ഡെമോക്രസി. ഒരു ഡെമോക്രാറ്റുകാരൻ വന്നിരിക്കുന്നു ഇപ്പോൾ.

ആലപ്പുഴ ജില്ലയിൽ പള്ളിപ്പാട്ട് വില്ലേജിൽ നീണ്ടൂർ മുറിയിൽ സദാശിവന്റെ മകൻ സതീഷ് കുമാറിനെ 1.11.1999 വൈകുന്നേരം ഷാജി, രാമചന്ദ്രൻ എന്നിവർ ചേർന്ന് ദേഹോപദ്രവമേൽപ്പിക്കുകയും ഹരിപ്പാട് ഗവൺമെന്റ് ആശുപത്രിയിൽ കൊണ്ടുപോകും വഴി മരണപ്പെടുകയുമുണ്ടായി. ഇതു സംബന്ധിച്ച് ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ ക്രൈം 307/99 ഇന്ത്യൻ ശിക്ഷാ നിയമം 302/34 ഐ.പി.സി എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. മരണമടഞ്ഞ സതീഷ് കുമാറിന്റെ മൃതശരീരം ആലപ്പുഴ മെഡിക്കൽ കോളേജിലെ പോലീസ് സർജൻ പോസ്റ്റ് മോർട്ടം പരിശോധന നടത്തുകയുണ്ടായി. സതീഷ് കുമാറിന്റെ ശരീരത്തിൽ കാണപ്പെട്ട മുറിവുകളൊന്നും മരണകാരണമാകുന്നവയല്ലായെന്നും എന്നാൽ ഹൃദയസംബന്ധമായ അസുഖം ടിയാന് ഉണ്ടായിരുന്നുവെന്നും സംഭവിച്ച മുറിവുകൾ മരണത്തെ ത്വരിതപ്പെടുത്തിയെന്നും, അങ്ങനെ മരണം സംഭവിച്ചിട്ടുള്ളതാണെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഡോക്ടർ അഭിപ്രായപ്പെട്ടിട്ടുള്ളത്..... (ബഹളം)... നിങ്ങളാണോ ഡോക്ടർ? ഡോക്ടർ അവിടെയാണ് ഇരിക്കുന്നത്...(ബഹളം)..... പോസ്റ്റ് മോർട്ടം പരിശോധനാ റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് മാവേലിക്കര പബ്ലിക് പ്രോസിക്യൂട്ടർ ഹയൽ സഹിതം നിയമോപദേശത്തിന് സമർപ്പിച്ചിട്ടുള്ളതും ഈ കേസിൽ 302 ഐ.പി.സി വകുപ്പ് നിലനിൽക്കുകയില്ലെന്നും 304/2 ഐ.പി.സി വകുപ്പനുസരിച്ചുള്ള കുറ്റമേ നിലനിൽക്കൂ. എന്ന നിയമോപദേശത്തെ തുടർന്ന് 8.11.1999 ന് കോടതിക്ക് റിപ്പോർട്ടയയ്ക്കുകയും കേസന്വേഷണം തുടർന്ന് വരികയുമാണ്. കേസിലെ പ്രതികളെ നവംബർ 7,8 തീയതികളിൽ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. കോടതി രണ്ടുപേരേയും മാവേലിക്കര സബ്ജയിലിൽ റിമാന്റു ചെയ്തു. ഹരിപ്പാട് പോലീസ് സബ് ഇൻസ്പെക്ടർ കേസന്വേഷണം നടത്തിവരികയാണ്. നിഷ്പക്ഷവും കാര്യക്ഷമവുമായ കേസന്വേഷണം നടത്തുന്നതിനുവേണ്ടി ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1.11.1999 ന് സൈക്കളിൽ യാത്ര ചെയ്യുകയായിരുന്ന ഷാജി എന്നയാളെ പതിനാറോളം പേർ ചേർന്ന് അക്രമിച്ച് പരിക്കേല്പിച്ച സംഭവം ഉണ്ടായിട്ടുണ്ട്. സംഭവത്തിൽ ക്രൈം 308/99 നമ്പരായി ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലെ പ്രതിയായ സദാശിവനെ 18.11.1999-ന് അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. അക്രമ സംഭവങ്ങളിൽ നിയമാനുസരണം നടപടി സ്വീകരിക്കുകയാണ് പോലീസ് ചെയ്തിട്ടുള്ളത്. കുറ്റക്കാർക്കെതിരെ മുഖം

LIBRARY ARCHIVES Kerala Legislative Assembly

നോക്കാതെ നടപടിയെടുക്കുന്ന സമീപനമാണ് പോലീസ് സ്വീകരിച്ചത്. നിയമാനുസൃതം നടപടിയെടുക്കുകയല്ലാതെ ആരെയെങ്കിലും രക്ഷിക്കാനോ കേസിൽപ്പെടുത്താനോ പോലീസ് തയ്യാറായിട്ടില്ല. നിയമം അതിന്റെ വഴി സ്വീകരിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്തുന്ന നിലപാട് ആരുടെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല. അത് അനുവദിക്കുകയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഈ പരമാധികാര സഭയിൽ അത്യന്തം ഗൗരവമായ ഒരു വിഷയം അവതരിപ്പിക്കാനാണ് ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നത്. കേരളപ്പിറവി ദിനത്തിൽ 21-ാം നൂറ്റാണ്ടിനെ വരവേൽക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'മാനവീയ'ത്തിന് തിരുവനന്തപുരത്ത് തിരി കൊളുത്തുമ്പോഴാണ് അങ്ങു ദൂരെ ഹരിപ്പാട് മദ്യ വിരുദ്ധ പ്രവർത്തകനായിരുന്ന, അങ്ങയുടെ കൊച്ചു മകന്റെ പ്രായമുള്ള 19 വയസ്സുകാരനായ ഒരു ചെറുപ്പക്കാരൻ ചവിട്ടേറ്റ് മരണപ്പെട്ടത്. 20-ാം നൂറ്റാണ്ടു കഴിഞ്ഞ് 21-ാം നൂറ്റാണ്ടിലേക്ക് പോകുമ്പോൾ മാനവീയതയുടെ പര്യായമായി, മാനവീയം ആഘോഷിക്കാൻ മുഖ്യമന്ത്രി തിരി കൊളുത്തുന്ന വേളയിൽ, മദ്യ വിരുദ്ധ പ്രവർത്തകൻ മദ്യ മാഫിയായുടെ ചവിട്ടേറ്റ് മരിക്കുന്ന രംഗം നാട്ടിലുണ്ടായി. മനുഷ്യ മനസാക്ഷിയെ മുഴുവൻ ഞെട്ടിപ്പിച്ച സംഭവമാണിത്. ഇത് ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള പ്രശ്നമല്ല. അതാണോ അല്ലയോ എന്ന് ഇന്ന് ബോധ്യമായി. ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള പ്രശ്നമല്ല. ഷാജി, രാമചന്ദ്രൻ എന്നീ രണ്ടുപേർ സി.പി.എം പ്രവർത്തകരാണ്. മുഖ്യമന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് കൊല ചെയ്ത രണ്ടുപേരും സി.പി.എം പ്രവർത്തകരാണെന്നാണ്. മുഖ്യമന്ത്രി എനിക്കു നൽകിയ മറുപടിയിൽ അതു പറഞ്ഞിട്ടുണ്ട്. എന്താണ് സംഭവത്തിന് ആസ്പദമായ കാര്യം? ഹരിപ്പാട് പള്ളിപ്പാട്ട് നീണ്ടൂർ എന്ന പ്രദേശത്ത് വ്യാജമദ്യ വിൽപ്പനയ്ക്കെതിരായി ജനകീയ സമിതികൾ പോരാട്ടം തുടങ്ങിയിട്ടുണ്ട്. സ്ത്രീകളടക്കമുള്ള പലയാളുകളും പോരാട്ടത്തിന്റെ ഭാഗമായിട്ടുണ്ടായിരുന്നു. പോരാട്ടത്തിനു നേതൃത്വം കൊടുത്തയാളാണ് 19 വയസ്സുള്ള സതീഷ് എന്ന ചെറുപ്പക്കാരൻ. ഈ സതീഷിനെ ഒക്ടോബർ 2-ാം തീയതി ആക്രമിച്ചു. ഇത് ആദ്യത്തെ ആക്രമണം അല്ല. ഹരിപ്പാട് ആശുപത്രിയിൽ ചികിൽസയിലായിരുന്നു. കൈയിൽ ബാന്റേജുമിട്ട പെറുപ്പക്കാരനായിരുന്നു സതീഷ്. ആ സമയത്താണ് വീണ്ടും അദ്ദേഹത്തെ ആക്രമിച്ച് ചവുട്ടികൊന്നത്. ഞാൻ ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിക്കാനാഗ്രഹിക്കുകയാണ്. സതീഷിനെ ഒക്ടോബർ 2-ാം തീയതി അക്രമിച്ചത് ഷാജിയും, രാമചന്ദ്രനും മോഹനനും ഉൾപ്പെടെയുള്ള ആളുകളാണ്. അക്രമിച്ചതിനുശേഷം ആശുപത്രിയിൽ കിടന്ന സതീഷ് തിരിച്ചു നാട്ടിൽ വന്നപ്പോഴാണ് വീണ്ടും അദ്ദേഹത്തെ ചവിട്ടിക്കൊന്നസംഭവം ഉണ്ടായത്. ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ ആട്ടോറിക്ഷാ തടഞ്ഞു വച്ചു. എന്നിട്ട് ആശുപത്രിയിൽ ഓക്സിജൻ കൊടുത്തുകൊണ്ടിരിക്കുമ്പോൾ അവിടെപ്പോയി ഷാജി ഭീഷണിപ്പെടുത്തി.

[10 am] ഇതിനകത്ത് പ്രധാനപ്പെട്ട ഒരു കാര്യം അങ്ങിവിടെ പറഞ്ഞത്, ഹൃദയസ്തംഭനംമൂലം മരണപ്പെട്ടാണെന്നാണ്. അതു നിർഭാഗ്യകരമായിപ്പോയി. മലയാളമനോരമ പത്രം എഴുതിയിട്ടുണ്ട്. വാസ്തവം എന്താണ്? പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്തുവന്നത് 5-ാം തീയതിയാണ്. രണ്ടാം തീയതിതന്നെ സി.പി.ഐ (എം) ജില്ലാ കമ്മിറ്റിയുടെ 'കമ്മ്യൂണിക്കേ' ഇറങ്ങി. അതിൽ ഹൃദയസ്തംഭനംമൂലമാണ് മരിച്ചതെന്ന് പറഞ്ഞിട്ടുള്ളത്. ഇതെങ്ങനെ വന്നു? ഡോക്ടർ 5-ാം തീയതി പോസ്റ്റ്മോർട്ടം റിപ്പോർട്ട് റിലീസ്

ചെയ്യുന്നതിനു മുമ്പുതന്നെ സി.പി.എം. ജില്ലാ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത് ഹൃദയസ്തംഭനംമൂലമാണ് മരിച്ചതെന്നാണ്. ഇതെങ്ങനെയാണ് കിട്ടിയത്? അതു മാത്രമല്ല, 302-ാം വകുപ്പിൽ എടുത്ത കേസ് ഈ പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അങ്ങ് 304 ആക്കി. ഐ.പി.സി സെക്ഷൻ 304 (2) അനുസരിച്ച് എന്താണ്?

The deceased, in the instant case, had nothing to do with the quarrel or with the subject matter of the quarrel intervened and it is stated that the accused lost temper and dealt with one blow.....

മരണകാരണമല്ലാത്ത രീതിയിൽ ചെറിയൊരു അടി അടിച്ചു എന്നാണ് കേസ് രേഖപ്പെടുത്തിയിരിക്കുന്നത്. 304(2) അനുസരിച്ച് കേസ് ചാർജ്ജ് ചെയ്യുമ്പോൾ സാധാരണ ഇൻവെസ്റ്റിഗേഷൻ ചെയ്തു കഴിഞ്ഞിട്ടാണ് വകുപ്പു മാറ്റാറുള്ളത്. ഈ കേസിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുന്നതിനു മുമ്പു തന്നെ ധൃതിപിടിച്ച് 302 എന്നു പറയുന്ന വകുപ്പ് 304 (2) ആക്കി മാറ്റാൻ എന്താണ് കാരണം? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു പറയണം. മാത്രമല്ല. കോടതിയിൽ വന്നപ്പോൾ ഗവൺമെന്റിന്റെ പബ്ലിക് പ്രോസിക്യൂട്ടർ എടുത്ത സ്റ്റാന്റ് എന്താണ്? ഇവർക്ക് ജാമ്യം കൊടുക്കുന്നതിൽ ' നോ ഒബ്ജക്ഷൻ' എന്നാണ്, ജഡ്ജി റേക്കോർഡ് ചെയ്തിട്ടുണ്ട്. ' നോ ഒബ്ജക്ഷൻ' എന്നാണ് പ്രോസിക്യൂട്ടർ പറഞ്ഞത്. കൂടാതെ തന്റെ മകൻ മരിച്ച് പത്തുദിവസം കഴിഞ്ഞപ്പോൾ, മരണാനന്തര ചടങ്ങുകൾ കഴിയുന്നതിനു മുമ്പേ അർദ്ധരാത്രിയിൽ നൂറുകണക്കിന് വരുന്ന പോലീസ് സന്നാഹവുമായി പാവപ്പെട്ട ആ മനുഷ്യന്റെ വീടു വളഞ്ഞു. അദ്ദേഹത്തെ അറസ്റ്റു ചെയ്തു. ആ കേസിൽ പ്രോസിക്യൂട്ടർ എടുത്ത സ്റ്റാന്റ് എന്താണ്? ജാമ്യം അനുവദിക്കാൻ പാടില്ല എന്നാണ്. ഇവിടെയാണ് ഗവൺമെന്റിന്റെ മുഖം കാണേണ്ടത്. സതീഷ്കുമാർ മരിച്ച കേസിൽ ജാമ്യം അനുവദിക്കുന്നതിൽ ഒബ്ജക്ഷനില്ലെന്നു പറയുന്ന പ്രോസിക്യൂട്ടർ സതീഷ് കുമാറിന്റെ അച്ഛൻ, സ്വന്തം മകൻ മരിച്ച വേദനയുമായി കഴിയുന്ന അച്ഛനെ അർദ്ധരാത്രിയിൽ ഭീകരൻമാർ വീരപ്പനെ വളയുന്നതുപോലെ വളഞ്ഞുപിടിച്ച് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി കേസെടുത്ത് കോടതിയിൽ ഹാജരാക്കിയപ്പോൾ ജാമ്യം കൊടുക്കുന്നതിൽ ഞങ്ങൾ ഒബ്ജക്ഷനുണ്ടെന്നു പറയുന്ന പബ്ലിക് പ്രോസിക്യൂട്ടർ. ഇതിൽ ആരെ സംശയിക്കണം. ഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നു? ഈ സംഭവവുമായി ബന്ധപ്പെട്ട് ഞങ്ങൾ രാഷ്ട്രീയക്കാർ മാത്രമല്ല., ലോക്കൽ എം.പി. ശ്രീ. വി. എം. സുധീരൻ, ഞാൻ, ശ്രീ. രമേശ് ചെന്നിത്തല എം.പി. തുടങ്ങിയവരെല്ലാം അവിടെ ഓടിയെത്തി. അവിടെ ആലപ്പുഴ ഡിവൈ.എസ്.പി യും ഉണ്ടായിരുന്നു. ശ്രീ. ജി. സുധാകരൻ ഇവിടെ ഇരിപ്പുണ്ട്. ആലപ്പുഴയിൽ ഒരു ചെറുപ്പക്കാരന്റെ കണ്ണു നഷ്ടപ്പെട്ട സംഭവം അങ്ങേക്കറിയാമോ? അബ്കാരി സമിതിയിൽ അങ്ങ് ഡിവൈ.എസ്.പി. ക്കെതിരെ പറഞ്ഞല്ലോ? ആലപ്പുഴ ഡിവൈ.എസ്.പിക്ക് എന്താണ് സാർ കായംകളം എ.എസ്.പി. ലിമിറ്റിൽ കാര്യം? ഹരിപ്പാട് നീണ്ടൂർ കായംകുളം എ.എസ്.പി ലിമിറ്റാണ്. സംഭവം നടന്നു മണിക്കൂറിനകം ആലപ്പുഴ ഡിവൈ.എസ്.പി. അവിടെ വരുന്നു. മുഖ്യമന്ത്രി ഇതറിയണം. ഞാൻ ഈ കാര്യത്തിൽ ദൃക്സാക്ഷിയാണ്. മരണപ്പെട്ട ചെറുപ്പക്കാരന്റെ അച്ഛന്റെ മൊഴിയെടുക്കാൻവേണ്ടി പോലീസ് സ്റ്റേഷനിൽ നിർത്തിയിരിക്കുമ്പോൾതന്നെ ഡിവൈ.എസ്.പി. ഡയറക്ട് ചെയ്യുന്നു. ഇതിലെ പ്രതിയെ (ഷാജിയെ) അടിയന്തിരമായി മെഡിക്കൽകോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യണമെന്ന്. ജൂറിസ്ഡിക്ഷൻ വിട്ട് ആലപ്പുഴ ഡിവൈ.എസ്.പി. എന്തിനാണ് വന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഒരുപാട് ദുരൂഹതകളുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. ഈ സംഭവം നടന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെ ഓടിയെത്തി. പ്രതിപക്ഷത്തുള്ള മറ്റു നേതാക്കളും അപ്പുറത്തുള്ള നേതാക്കൻമാരും അവിടെവന്നു. പ്രൊഫ: താമരാക്ഷൻ അവിടത്തെ എം.എൽ.എ. ആണ്. അദ്ദേഹം പ്രതിപക്ഷത്തുള്ള ആളല്ലല്ലോ? അദ്ദേഹവും അവിടെ എത്തി. ശ്രീ. താമരാക്ഷൻ ഈ കാര്യത്തിൽ സംസാരിക്കേണ്ടതല്ലേ? അങ്ങയുടെ നിയോജകമണ്ഡലത്തിലാണത്. സുഗതകുമാരി ടീച്ചർ വന്നു. ശ്രീ. പവനൻ അവിടെ വന്നു. മാർത്തോമാ മെത്രാപൊലീത്ത വന്നു. കാതോലിക്കാബാവ വന്നു; എല്ലാവരും വന്നു. എല്ലാവരും ഒരേ രീതിയിൽ സംസാരിച്ചു. സതീഷ് എന്ന 19 വയസ്സുമാത്രം പ്രായമുള്ള ചെറുപ്പക്കാരൻ. ജീവിതം ഒരുപാട് കാണാനിരിക്കുന്ന ചെറുപ്പക്കാരനെയാണ് ചവിട്ടിക്കൊന്നത്. സ്വന്തം മകൻ മരിച്ചപ്പോഴും അച്ഛനെ പത്തു ദിവസത്തിനകം അറസ്റ്റു ചെയ്ത് ജയിലിലാക്കി. ഇതിനേക്കാളെല്ലാം ആ പിതാവിനെ വേദനിപ്പിച്ച സംഭവം എന്നു പറയുന്നത്. സംഭവസ്ഥലം സന്ദർശിച്ച ശ്രീ.വി.എസ്. അച്യുതാനന്ദന്റെ രണ്ട് പ്രസ്താവനകളാണ്. ഒന്ന്, മരണപ്പെട്ട സതീഷ് വ്യാജമദ്യ വിൽപ്പനക്കാരനാണെന്നാണ്. ഇത് അച്യുതാനന്ദന്റെ മാത്രം കണ്ടുപിടിത്തമാണ്. ഞാൻ നേരത്തെ പറഞ്ഞു. ഒരുപാട് മതമേലദ്ധ്യക്ഷൻമാരും നേതാക്കൻമാരും സാംസ്ക്കാരിക നായകന്മാരുമെല്ലാം അവിടെ സന്ദർശിച്ചിരുന്നു. ശ്രീ. അച്യുതാന്ദൻ പറഞ്ഞത്. സതീഷ് വ്യാജമദ്യവിൽപ്പനക്കാരൻ എന്നാണ്. കൂടാതെ സതീഷിന്റെ അച്ഛനും വ്യാജ മദ്യം വിൽപ്പനക്കാരനാണെന്നു പറഞ്ഞു. ശ്രീ. വി.എം. സുധീരൻ, എം.പി അന്നുതന്നെ വെല്ലുവിളിച്ചു ഇത് ശ്രീ. അച്യുതാനന്ദൻ തെളിയിക്കണമെന്ന്. ഈ സംഭവങ്ങളെക്കുറിച്ച് ആലപ്പുഴയിലെ ജനങ്ങൾക്ക് ആക്ഷേപമുണ്ട്. ആ ജില്ലയെ വ്യാജമദ്യദുരന്തം വേട്ടയാടികൊണ്ടിരിക്കുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ച ഒരു ചെറുപ്പക്കാരന്റെ കണ്ണ് നഷ്ടപ്പെട്ടു. അതിനുമുമ്പ് ഒരു ഹോട്ടലിൽവച്ച് ഒരാളുടെ കഴുത്ത് അറുത്തെടുത്തിരുന്നു. ഒരുപാട് സംഭവങ്ങൾ ഈ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ചാരായ നിരോധനത്തെ അട്ടിമറിക്കാൻവേണ്ടി ഗവൺമെന്റിന്റെ ഒത്താശയോടെ ഒരുപാട് ദുരന്തങ്ങൾ ഈ നാട്ടിലുണ്ടായിക്കൊണ്ടിരിക്കുന്നു, ഇതു വളരെ ഗൗരവതരമാണ്. എല്ലാറ്റിനും ജുഡീഷ്യൽ അന്വേഷണം വയ്ക്കുന്ന ഗവൺമെന്റാണല്ലോ ഇത്. ഇത്രയും ഗുരുതരമായ ഒരു സംഭവമുണ്ടായിട്ട് ആ സംഭവത്തെക്കുറിച്ച് ആര് ഉത്തരവാദിയായാലും, രാഷ്ട്രീയം ഞാൻ പറയുന്നില്ല. ഏതു രാഷ്ട്രീയക്കാരനുമാകട്ടെ., ഈ സംഭവത്തിലേക്കു നയിച്ച കാരണങ്ങളെക്കുറിച്ച്, ഹരിപ്പാട്-നീണ്ടൂരിൽ നടന്ന ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ ഒരു സിറ്റിംഗ് ജഡ്ജിയെ വച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയാറാകണം. അതിനു തയ്യാറാകുന്നതിനുവേണ്ടി സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം. അല്ലെങ്കിൽ 21-ാം നൂറ്റാണ്ടിലേക്കു പോകുന്ന, മാനവീയം ആഘോഷിക്കുന്ന നമ്മൾ വരുംതലമുറയോട് ചെയ്യുന്ന കടുത്ത അനീതിയായിരിക്കും എന്നു പറഞ്ഞുകൊണ്ട് നിർത്തുന്നു.

പ്രൊഫ: എ.വി. താമരാക്ഷൻ : സർ,

മി.സ്പീക്കർ : സാധാരണ നമ്മൾ അടിയന്തിരപ്രമേയത്തിന്റെ ഭാഗമായിട്ട് ഇങ്ങനെ അനുവദിക്കുന്നതല്ല. പക്ഷെ ഇവിടെ ചില കീഴ്വഴക്കങ്ങളുണ്ടായിട്ടുണ്ട്. ഇങ്ങനെ മുൻകാലങ്ങളിൽ ചെയ്തു. അതു തുടരുന്നത് ശരിയായ ഒരു പ്രാക്ടീസല്ല എന്നാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അടിയന്തിരപ്രമേയത്തിന് ഇങ്ങനെ അനുവദിക്കുമോ?

മി. സ്പീക്കർ : സാധാരണ ഇല്ല. പക്ഷെ ഇവിടെ ചില കേസുകളിൽകൊടുത്തിട്ടുണ്ട്.

പ്രൊഫ: എ.വി. താമരാക്ഷൻ : ഇതിനുമുമ്പ് കൊടുത്തിട്ടുള്ളതാണ്.

മി. സ്പീക്കർ : അതു തുടരണോ വേണ്ടയോ എന്നു ആലോചിക്കും

പ്രൊഫ: എ.വി. താമരാക്ഷൻ : സർ, ഇത്.....

മി. സ്പീക്കർ : അങ്ങേക്ക് മൈക്ക് അനുവദിച്ചിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ സഭയിൽ ഇതിനു മുമ്പും അടിയന്തിരപ്രമേയം .....

മി. സ്പീക്കർ : അതു ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതിനുമുമ്പ് കൊടുത്തിട്ടുണ്ട്. അതു തുടരണോ വേണ്ടയോ എന്ന് ആലോചിക്കുക. അത് ആലോചിച്ചാൽ മതി. വേറേ ഒബ്ജക്ഷൻസില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നിലവിലുള്ള .....

മി. സ്പീക്കർ : അങ്ങു പറഞ്ഞ പോയിന്റ് ക്ളിയറായി. ഇതു തുടരണോ വേണ്ടയോ എന്നു ആലോചിച്ചാൽ മതി. കഴിഞ്ഞ കാലങ്ങളിൽ ചെയ്തു. പക്ഷെ ഒരു കാര്യം ചെയ്തതുകൊണ്ട് അത് എക്കാലവും തുടരണമെന്നില്ല .....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : അതു തന്നെയാണ് പറയുന്നത്. ഇതുവരെ ഈ സഭയിൽ ഇങ്ങനെയുണ്ടായിരുന്നു. അതു നിർത്തിയിട്ടില്ല. അതുകൊണ്ട് ഇതു കഴിഞ്ഞശേഷം ബി.എ.സി. യിൽ ഇതു സംബന്ധിച്ച് ആലോചിക്കാം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, നമ്മുടെ സഭയുടെ സുഗമമായ നടത്തിപ്പിന്, അങ്ങ് സഭയുടെ പരമാധികാരിയാണ്. അങ്ങയുടെ Subject to satisfaction ആണ് ഇവിടെ പ്രമേയം അവതരിപ്പിക്കണോ ഇല്ലയോ എന്നുള്ളതൊക്കെ അല്ലാതെ അംഗങ്ങളുമായി ചർച്ച ചെയ്ത് വോട്ടിനിട്ട് തീരുമാനിക്കേണ്ട പ്രശ്നമല്ല. അങ്ങയുടെ Subject to satisfaction ആണ്. അത് ചർച്ച ചെയ്യുന്നതു ശരിയല്ല. ഇപ്പോൾ തന്നെ അങ്ങയുടെ റൂളിംഗിനെ ധിക്കരിച്ച് ബഹളമുണ്ടാക്കി. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുകയല്ല. അങ്ങ് ശ്രീ. അച്യുതാനന്ദന്റെ ആളാണെന്നുവരെ ആക്ഷേപമുന്നയിച്ചു.....(ബഹളം).....ഇവിടെ പറഞ്ഞു (ബഹളം)

ശ്രീ. ആര്യാടൻ മുഹമ്മദ് : ആര് പറഞ്ഞു?

മി. സ്പീക്കർ : ഇവിടെ വേറെ കൺഫ്യൂഷനില്ല. സഭയിൽ ദീർഘകാലമായി തുടർന്നുവരുന്ന ഒരു പ്രാക്ടീസുണ്ട്. ഇപ്പോൾ ഒരു ഡീവിയേഷൻ വന്നു; അതു തുടരണോ വേണ്ടയോ എന്ന് ആലോചിച്ചതേയുള്ളു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഈ സഭയിൽ ഇതുവരെ തുടർന്നുപോരുന്ന ഒരു നടപടിക്രമമുണ്ട്. അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ. ക്ക് സംസാരിക്കാൻ അവസരം കൊടുക്കാറുണ്ട്. അത് തുടരുക. പിന്നെ ഇത് അവസാനിപ്പിക്കണമെങ്കിൽ വേറൊരവസരത്തിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി മേലിൽ ഇത് അവസാനിപ്പിക്കാം. ഇന്നുവരെ തുടർന്നിരുന്ന കീഴ്വഴക്കമനുസരിച്ച് നിയോജകമണ്ഡലത്തിലെ എം.എൽ.എ. ക്ക് സംസാരിക്കാൻ അവസരം കൊടുക്കുക. കഴിഞ്ഞകാല കീഴ്വഴക്കങ്ങൾ ഇന്നത്തേക്ക് പാലിക്കുക. വേണമെങ്കിൽ ബി.എ.സി. കൂടി

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിക്കാം, നമുക്ക് വിരോധമില്ല. ഇപ്പോൾ തുടർന്നുവരുന്ന കീഴ്വഴക്ക മനുസരിച്ച് പ്രൊഫസർ എ.വി. താമരാക്ഷന് സംസാരിക്കാൻ അവസരം കൊടുക്കണം. ഈ കീഴ്വഴക്കത്തിന്റെ ആനുകൂല്യം ഉപയോഗിച്ചിട്ടുള്ളത് ഭര ണകക്ഷിയിലെ അംഗങ്ങളാണ്. അതുകൊണ്ട് പ്രൊഫ: എ.വി. താമരാക്ഷന് സംസാരിക്കാൻ അവസരം കൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ): സർ, ആന്റണിയുടെ കീഴ്വഴക്ക മാണോ, അല്ല സോണിയാഗാന്ധിയുടെ കീഴ്വഴക്കമാണോ? ഈ കീഴ്വഴക്കം അംഗീകരിക്കാൻ പറ്റുകയില്ല ..... (ബഹളം) ..... നിങ്ങൾക്ക് ബഹളംകൂട്ടി എന്തും നടത്താമെന്നാണോ? എങ്കിൽ ഞങ്ങളും ബഹളമുണ്ടാക്കും. ഇത് ന്യായമായ മാർഗ്ഗമല്ല. അടിയന്തിര പ്രമേയമായിട്ട് ചർച്ച ചെയ്തിട്ട് വീണ്ടും സബ്മിഷൻ കൊടുക്കുമെന്ന് പറയുന്നത് ന്യായമല്ല (ബഹളം) ..... ഈ നടപടിക്രമം ശരിയല്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇത് ശരിയായ കീഴ്വഴക്കമല്ല, നാളെ ഞങ്ങളും തുടർന്നാൽ നിങ്ങൾ തരേണ്ടിവരും. ഇതു ശരിയായി നടപടിക്രമമല്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : നിയോജകമണ്ഡലത്തിലെ എം.എൽ.എ. എന്നുള്ള നിലയിൽ പ്രൊഫ: എ.വി. താമരാക്ഷൻ രണ്ട് വാക്ക് സംസാരിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഈ നടപടിക്രമം ശരിയല്ല. ഇത് തെറ്റാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : ഇത് തെറ്റല്ല, ശരിയാണ്.

പ്രൊഫ: എ.വി. താമരാക്ഷൻ : സർ, ഈ സംഭവം നടന്നത് എന്റെ നിയോജകമണ്ഡലത്തിലാണ്. എന്റെ മണ്ഡലത്തിൽ നടന്ന ഒരു സംഭവമെ ന്നുള്ള നിലയിൽ രണ്ടുവാക്ക് പറയാൻ അവസരം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 'സത്യം പറഞ്ഞാൽ അമ്മ അച്ഛന്റെ അടികൊള്ളും, സത്യം പറഞ്ഞില്ലെങ്കിൽ അച്ഛൻ പട്ടിയിറച്ചി തിന്നും' ഈ കാര്യത്തിൽ എന്റെ മനസ്സാക്ഷി ഈ ജനാധിപത്യത്തിന്റെ ഉന്നതമായ ശ്രീകോവിലിൽ ഞാൻ അച്ഛ നെകൊണ്ട് പട്ടിയിറച്ചി തിന്നിക്കുകയില്ല. ഞാൻ സത്യം പറയുവാൻ ആഗ്രഹി ക്കുകയാണ്. ഹരിപ്പാട് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാണ്. ആ മണ്ഡലത്തിൽ വ്യാജചാരായവും വ്യാജകള്ളും ഒഴുകുകയാണ്. ഈയൊരു സംഭവമല്ല, മൂന്നുപേരിലധികം ആളുകൾ കൊലചെയ്യപ്പെട്ടു. പള്ളിപ്പാട് സതീ ഷ്കുമാർ എന്ന 19 വയസ്സുകാരനായ ചെറുപ്പക്കാരൻ മദ്യലോബിയുടെ മർദ്ദന മേറ്റ് കൊലചെയ്യപ്പെട്ടു.

മി. സ്പീക്കർ : ഈ വിഷയം അടിയന്തിരപ്രമേയമായി ഇവിടെ അവത രിപ്പിച്ചു. ഇനി ചർച്ച വേണ്ട.

പ്രൊഫ: എ.വി. താമരാക്ഷൻ : സർ, ഇവിടെ രണ്ട് കാര്യങ്ങളാണ് അറി യേണ്ടത്. മരിച്ച സതീഷ്കുമാറും അദ്ദേഹത്തിന്റെ പിതാവ് സദാശിവനും മദ്യ വില്പനകാരാണോ? സതീഷ്കുമാർ ഹൃദയാഘാതം മൂലമാണോ മരണ മടഞ്ഞത്? ഈ രണ്ടുകാര്യങ്ങളെ സംബന്ധിച്ചാണ് ഈ സംസ്ഥാനത്തിലെ ജനങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നത്. സതീഷ്കുമാർ ആശുപത്രിയിൽ മരിച്ചുകിടക്കുമ്പോൾതന്നെ പോലീസ് ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗ സ്ഥന്മാർ വിളിച്ചുപറഞ്ഞു ഇത് 'ഹാർട്ട് അറ്റാക്ക്' ആക്കാൻ ശ്രമം നടക്കു ന്നുവെന്ന്. ഞാൻ ആ വിവരം പത്രക്കാർക്ക് കൊടുത്തു. രണ്ടാം തീയതിയിലെ പത്രത്തിൽ അച്ചടിച്ചുവന്നു. അവിടെ വ്യാജമദ്യംകൊണ്ട് ജനങ്ങൾക്ക് ജീവി ക്കാൻ കഴിയാതെ വന്നപ്പോൾ സ്ത്രീകൾ ഇറങ്ങി ചാരായം പിടിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സതീഷ്കുമാറിന്റെ അമ്മയടക്കം കോടതിയിൽ സാക്ഷിയാണ്. കഴിഞ്ഞ ഒരു മാസമായി പോലീസ് പിക്കറ്റിംഗ് നടക്കുന്നുണ്ടായിരുന്നു. പോലീസ് പിക്കറ്റിംഗ് നടക്കുമ്പോഴാണ് ആശുപത്രിയിൽനിന്നും മർദ്ദനമേറ്റ് കൈയൊടിഞ്ഞ് പ്ലാസ്റ്ററുമിട്ട് ആ ചെറുപ്പക്കാരൻ മുട്ട വാങ്ങിക്കാൻ വന്നയവസരത്തിലാണ് വീണ്ടും ഈ മദ്യലോബി ഗുണ്ടകൾ ചവിട്ടി കൊന്നത്. മദ്യലോബി ഈ സംസ്ഥാനത്ത് ശക്തിയായി വളർന്നിരിക്കുന്നു. അതിന്റെ അവസാനത്തെ രക്തസാക്ഷിയായിരിക്കണം ഇയാൾ. സതീഷ്കുമാറിനെപ്പോലെ ഒരു രക്തസാക്ഷി ഇനി കേരളത്തിലുണ്ടാകാൻ പാടില്ല. അതുകൊണ്ട് സത്യസന്ധമായി യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താനും സതീഷ്കുമാറിന് ഹാർട്ട് അറ്റാക്കാണെന്ന് വരുത്തിതീർക്കാനുള്ള ശ്രമങ്ങളടക്കം തെളിയിക്കാനും ഏറ്റവും സത്യസന്ധനായ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിച്ച് സത്യാവസ്ഥ ബോധ്യപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കോടതിയുടെ പരിഗണനയിലിരിക്കുന്നതും ഹരിപ്പാട് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ അന്വേഷണത്തിലിരിക്കുന്നതുമായ രണ്ടു കേസുകളുടെ കാര്യമാണ്. അന്വേഷണത്തിലിരിക്കുന്ന കേസിന്റെ കൂടുതൽ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ ചർച്ച ചെയ്യുന്നത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നിയമാനുസൃതമായ നടപടികളാണ് പോലീസ് കൈക്കൊണ്ടിട്ടുള്ളത്. ഇത്തരം സംഭവങ്ങളിൽ നിന്നും രാഷ്ട്രീയ നേട്ടമുണ്ടാക്കാനും ഞാൻ ആഗ്രഹിക്കുന്നില്ല. സർക്കാരിന് തുറന്ന സമീപനമാണുള്ളത്. കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെ നിയമാനുസൃതമായ നടപടി സ്വീകരിക്കും. ഇത്രയും കാര്യങ്ങളാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, കേരളത്തിലെ മനസാക്ഷിയുള്ള സകല ജനങ്ങളേയും ഞെട്ടിപ്പിക്കുന്ന ഒരു സംഭവത്തെക്കുറിച്ച് പ്രതിപക്ഷത്തുനിന്ന് അടിയന്തിര പ്രമേയം കൊണ്ടുവന്ന് ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ ഉന്നയിച്ച പ്രശ്നം മാത്രമല്ല, ഭരണകക്ഷിയുടെ കൂടെ ഇത്രയുംനാൾ ഉണ്ടായിരുന്ന ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ. പ്രശ്നത്തിന്റെ ക്രൂരമായ സംഭവങ്ങൾ വിവരിച്ച് കഴിഞ്ഞിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒറ്റ വാചകത്തിൽ ഈ പ്രശ്നത്തിന് മറുപടി പറഞ്ഞതിൽ എനിക്ക് ദു:ഖമാണുള്ളത്. അങ്ങയുടെ മനസാക്ഷി ഇത്രമാത്രം മരവിച്ചുപോയതിൽ എനിക്ക് അങ്ങേയറ്റം ദു:ഖമുണ്ട്. കേരളാ ഗവൺമെന്റിന്റെ മനസാക്ഷിയുടെ മരവിപ്പായിട്ടാണ് ഞാൻ ഇത് കാണുന്നത്. സതീഷ്കുമാറിന്റെ കൊലപാതകവാർത്തയറിഞ്ഞതിനുശേഷം പള്ളിപ്പാട് ഞാൻ സന്ദർശിച്ചതാണ്. സതീഷ്കുമാറിന്റെ വീട്ടിൽ പോയി സതീഷ്കുമാറിന്റെ അച്ഛൻ സദാശിവനെ കണ്ടു, അമ്മയെ കണ്ടു, സഹോദരിയെ കണ്ടു, ബന്ധുക്കളെ കണ്ടു. നൂറുകണക്കിന് നാട്ടുകാരെ കണ്ടു. അവരെല്ലാം പറഞ്ഞത് സതീഷ്കുമാർ വളരെ ആത്മാർത്ഥതയോടുകൂടി വ്യാജമദ്യത്തിനെതിരായി അവിടെ പ്രവർത്തിച്ചിരുന്ന ഒരു പൊതുപ്രവർത്തകനാണെന്നാണ്. മാത്രമല്ല ഈ സതീഷ്കുമാർ ഹൃദ്രോഗംമൂലം മരിച്ചുവെന്നാണല്ലോ പറയുന്നത്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വരുന്നതിന് മൂന്നു ദിവസം മുമ്പ് ആലപ്പുഴ ജില്ലാ മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടറി ശ്രീ. വി. കേശവൻ, സതീഷ് കുമാർ ഹൃദ്രോഗം മൂലമാണ് മരിച്ചതെന്ന് ആദ്യമേ പ്രസ് കോൺഫറൻസ് വിളിച്ച് പ്രഖ്യാപിച്ചു കഴിഞ്ഞു. കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ്ബ്യൂറോ മെമ്പർ ഇടതുപക്ഷ ജനാ

LIBRARY ARCHIVES Kerala Legislative Assembly

ധിപത്യ മുന്നണിയുടെ കൺവീനർ ശ്രീ.വി.എസ് അച്യുതാനന്ദനും ജില്ലാ സെക്രട്ടറി ശ്രീ. വി കേശവനും സതീഷ്കുമാർ മരിച്ചത് ഹൃദ്രോഗം മൂലമാണെന്ന് പരസ്യമായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഈ സർക്കാരിൽ ഇന്നത്തെ ഉദ്യോഗസ്ഥന്മാർ എത്രപേർ അതിനെതിരായി അഭിപ്രായം പറയും? സതീഷ്കുമാറിന്റെ വീട്ടിൽ പോയപ്പോൾ അമ്മയും അച്ഛനും നാട്ടുകാരും എന്നോടു പറഞ്ഞത് ഇഷ്ടിക കൊണ്ട് പണിഞ്ഞിരുന്ന ആ കൊച്ചുവീടിന്റെ പണിയ്ക്കാവശ്യമായ ഇഷ്ടിക മിക്കവാറും ചുമന്നുകൊണ്ടുവന്നത് സതീഷ്കുമാറായിരുന്നു എന്നാണ്. അതുപോലെതന്നെ സതീഷ്കുമാറിന് ഹെവി ഡ്രൈവിംഗ് ലൈസൻസിനുള്ളതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂവിന് പോകാനുള്ള ഇന്റർവ്യൂ കാർഡ് സതീഷ്കുമാറിന്റെ അച്ഛനും അമ്മയും എനിക്ക് കാണിച്ചുതന്നു. മെഡിക്കൽ സർട്ടിഫിക്കറ്റോടുകൂടി ഇന്റർവ്യൂവിന് പോകാൻ, ആരോഗ്യവാനാണെന്ന് ഡോക്ടർതന്നെ സർട്ടിഫിക്കറ്റ് കൊടുക്കുന്നു. മാത്രമല്ല സതീഷ്കുമാർ നാളിതുവരെ ഹൃദ്രോഗത്തിനോ മറ്റു വിധത്തിലുള്ള ഏതെങ്കിലും അസുഖത്തിനോ ചികിൽസയിലായിരുന്നുവെന്ന് ബഹുമാനപ്പെട്ട അച്യുതാനന്ദനോ മറ്റേതെങ്കിലും വ്യക്തികളോ ഇതുവരെ പറഞ്ഞിട്ടില്ല. ആരോഗ്യദൃഢഗാത്രനായ ഒരു വ്യാജമദ്യവിരുദ്ധപ്രവർത്തകനെ ഇത്രയും ക്രൂരമായി കൊന്നിട്ട് അയാളെ വ്യാജമദ്യവില്പനക്കാരനാക്കി മാറ്റി, ഹൃദ്രോഗിയാക്കി മാറ്റി. ഇതിനേക്കാൾ ക്രൂരം, സ്വന്തം മകൻ ക്രൂരമായി ഞങ്ങളുടെ മുമ്പിൽവച്ച് ചവിട്ടേറ്റ് മരിക്കുന്നതുകണ്ട് വേദനയും കണ്ണീരും മാറാത്ത പിതാവ് സദാശിവനെ രാത്രിക്കുരാത്രി ഭീകരന്മാരെ അറസ്റ്റു ചെയ്യുന്നതുപോലെ വളഞ്ഞ് പോലീസ് അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുക, ജാമ്യം കൊടുക്കാതിരിക്കാൻ ശ്രമിക്കുക, കള്ളകേസിൽ കുരുക്കുക, ഇത് ആരെ രക്ഷിക്കാൻ വേണ്ടിയാണ്? ഇതിലെ സത്യം മുഴുവൻ പുറത്തുവരണം. സതീഷ്കുമാർ ആരായിരുന്നു? വ്യാജമദ്യപ്രവർത്തകനോ; അതോ അതിനെതിരായി പ്രവർത്തിക്കുന്ന ആളോ; അതോ മദ്യലോബിയുടെ ആളോ; സതീഷ്കുമാർ ഹൃദ്രോഗിയായിരുന്നോ? ആർക്കുവേണ്ടിയാണ് പോലീസ് ഇത്രമാത്രം കള്ളക്കേസ് കെട്ടിച്ചമച്ചത്? ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അച്യുതാനന്ദന്റെയും ആലപ്പുഴ ജില്ലാ സെക്രട്ടറിയുടെയും പ്രസ്താവനയാണോ സത്യം, അതോ കേരളത്തിലെ കക്ഷിരാഷ്ട്രീയത്തിന് അതീതമായിട്ടുള്ള രാഷ്ട്രീയ നേതാക്കന്മാർ, സാംസ്കാരിക നേതാക്കന്മാർ, സാമുദായിക നേതാക്കന്മാർ തുടങ്ങിയവർ പറയുന്നതാണോ സത്യം? ഇതിൽ ഏതാണ് സത്യമെന്ന് അറിയുന്നതിനുവേണ്ടി ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കണമെന്നുള്ള പ്രതിപക്ഷത്തിന്റെ ഏറ്റവും ന്യായമായ ആവശ്യം അംഗീകരിക്കുന്നതിനോ ആ ആവശ്യം നിരാകരിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ച ന്യായങ്ങൾ നിരത്താനുള്ള മര്യാദപോലുമോ ഈ ഗവൺമെന്റ് കാണിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ടവരും വാക്കൗട്ട് നടത്തുന്നു.

(ബഹുമാനപ്പെട്ട എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : സർ, കേരളത്തിലെ സാംസ്കാരിക നായകന്മാരും അതുപോലെതന്നെ നിഷ്പക്ഷമതികളായി മറ്റ് ആളുകളും വ്യാജമദ്യത്തിനെതിരായി പ്രവർത്തിക്കുന്ന ഒരു ചെറുപ്പക്കാരൻ ക്രൂരമായി ചവുട്ടി കൊലചെയ്യപ്പെട്ടതാണെന്ന അഭിപ്രായത്തിലാണ്. അതുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് ന്യായമായ ഒരു അന്വേഷണം അനിവാര്യമാണ് എന്നുള്ളത് ഇവിടെ നടന്ന ചർച്ചയിൽ വളരെ വ്യക്തമാണ്. ഗവൺമെന്റ് ഈ വിഷയ

LIBRARY ARCHIVES Kerala Legislative Assembly

ത്തെക്കുറിച്ച് ചർച്ച അനുവദിക്കേണ്ടതായിരുന്നു. ഈ വിഷയത്തെക്കുറിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെകൊണ്ട് നിക്ഷ്പക്ഷമായി അന്വേഷിപ്പിക്കേണ്ടതാണ് എന്നുള്ള ആവശ്യം ഗവൺമെന്റ് അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട മറ്റ് അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റു അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. കെ.എം. മാണി</u> : സർ, മുഖംനോക്കാതെ നടപടിയെടുത്തു എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ജനാധ്യപത്യ ധ്വംസനത്തിന്റെയും ഗവൺമെന്റിന്റെ പക്ഷപാതത്തിന്റെയും നീതികേടിന്റെയും ഏറ്റവും വലിയ ചിത്രമാണ് ഈ കേസിൽ കാണുന്നത്. ഒരു വ്യാജമദ്യവ്യാപാരി പാവപ്പെട്ട സതീഷ്കുമാറിനെ ചവുട്ടിക്കൊന്നു. നിങ്ങൾ ആരുടെ പക്ഷത്ത് നിൽക്കും? നിങ്ങൾ വ്യാജമദ്യവ്യാപാരിയുടെ പക്ഷത്തുനിന്നുകൊണ്ട് ചവുട്ടി കൊലചെയ്യപ്പെട്ട സതീഷ്കുമാറിന്റെ മരണം കൊലപാതകമല്ലായെന്ന് വരുത്തിതീർക്കാനുള്ള ശ്രമമാണ് നടത്തുന്നത്. 302 വകുപ്പിട്ട് ആദ്യം കേസ് എടുക്കുന്നു. പോസ്റ്റുമോർട്ടം റിപ്പോർട്ട് 5-ാം തീയതിയാണ് വരുന്നത്. സതീഷ്കുമാർ മരിച്ചത് ഹൃദയാഘാതം മൂലമാണെന്ന് മാർക്സിസ്റ്റ് നേതാക്കന്മാർ 2-ാം തീയതിതന്നെ പറയുകയുണ്ടായി. അങ്ങനെ പറയാൻ അച്യുതാനന്ദൻ ഡോക്ടറാണോ? ഹൃദയാഘാതംമൂലമാണ് അയാൾ മരിച്ചതെന്ന് അച്യുതാനന്ദനും മാർക്സിസ്റ്റുകാരും എങ്ങനെ മനസ്സിലാക്കി; ഈ അറിവ് നിങ്ങൾക്ക് എങ്ങനെ കിട്ടി? 5-ാം തീയതി പോസ്റ്റുമോർട്ടം റിപ്പോർട്ട് വരികയാണ്. മരണം കൊലപാതകമല്ല ഹൃദയാഘാതമാണെന്ന് വരുത്തിതീർത്ത് ഒരു പോസ്റ്റുമോർട്ടം റിപ്പോർട്ട് സമ്പാദിച്ചുകൊണ്ട് ദാമോദരൻ പിറ്റേദിവസം രാവിലെ അഡ്വക്കേറ്റ് ജനറലിന്റെ പക്കലേക്കു പോയി. ഉടനെതന്നെ 302-ാം വകുപ്പ് കുറവുചെയ്തു 304 ആക്കാനുള്ള റിപ്പോർട്ട് വാങ്ങി 9-ാം തീയതി കോടതിയിൽ കൊടുക്കുന്ന ആക്ഷേപകരമായ നിലപാടല്ലേ സ്വീകരിച്ചത്? ക്രിമിനിൽ പ്രൊസീഡ്യുവർ കോഡിന്റെ 304 (2) എന്നുപറയുന്നത് നോൺ ബെയ്ലബിൾ ആണ്. നോൺ ബെയ്ലബിൽ കേസിൽ നിങ്ങളുടെ ഗവൺമെന്റ് പ്ളീഡർ ജാമ്യം കൊടുക്കാമെന്ന് എങ്ങനെ പറഞ്ഞു? നോൺ ബെയ്ലബിൾ കേസിൽ പ്രതിക്ക് ജാമ്യം ചോദിക്കാം, പ്രതിയുടെ അഭിഭാഷകന് ജാമ്യം വേണമെന്ന് വാദിക്കാം. പക്ഷെ പ്രോസിക്യൂട്ടർ നോൺ ബെയ്ലബിൾ കേസിൽ ജാമ്യം കൊടുത്തുകൊള്ളൂ എന്ന് എങ്ങനെ സമ്മതിക്കും? അപ്പോൾ ആരുപറഞ്ഞിട്ടാണ് പ്രോസിക്യൂട്ടർ അതുപറഞ്ഞത്? ബെയ്ൽ കൊടുത്തുകൊള്ളുവെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രേരണയിൽ ഒരു ഗവൺമെന്റ് പ്ളീഡർ പറയുകയാണ്. ആ നിലയിൽ ബെയ്ൽ കൊടുത്തതിനുശേഷം കൊലചെയ്യപ്പെട്ട സതീഷ്കുമാറിന്റെ പിതാവിനെതിരെ കേസ് എടുത്ത് ജാമ്യം കൊടുക്കരുതെന്ന് വാദിച്ചു. ഇത് അങ്ങേയറ്റം കൃത്രിമ കള്ളകേസിൽ കെട്ടിചമച്ച്, ഒരു വ്യാജമദ്യവ്യാപാരിക്കുവേണ്ടി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെതന്നെ നീതിയും നിയമവും പിച്ചിച്ചീന്തിയതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇതുസംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തിയേതീരൂ. ജുഡിഷ്യൽ അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയാറാകണം. അതിന് തയാറാകാത്ത ഗവൺമെന്റിന്റെ നീചമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ ടി.എം. ജേക്കബ് : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ ഞങ്ങൾ പരാമർശം നടത്തിയെന്ന് ധനകാര്യവകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. അത് തികച്ചും തെറ്റാണ്. സ്പീക്കറോടുള്ള ബഹുമാനം നിലനിർത്തികൊണ്ടുതന്നെയാണ് ഈ വിഷയം ഇവിടെ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് രണ്ടുമൂന്നു കാര്യങ്ങൾ ചോദിക്കാനുണ്ട്. ഒന്ന്, ഈ സംഭവം നടന്ന സ്ഥലത്ത് ആ ജൂറിസ്ഡിക്ഷനിൽ ഉള്ള കായംകുളം എ.എസ്. പി. പോകാതെ സംഭവസ്ഥലത്ത് ആദ്യം എന്തുകൊണ്ട് ഡിവൈ. എസ്.പി. രാധാകൃഷ്ണൻ എത്തി? അദ്ദേഹം എന്തുകൊണ്ട് അദ്ദേഹത്തിന്റെ കീഴ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്ത് അനന്തര നടപടികളിലേക്ക് പോയി? അതു സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറയണം. രണ്ടാമത്തെ കാര്യം, സദാനന്ദനെ വിട്ട ദിവസം അദ്ദേഹത്തിന് നൽകിയ പൗരസ്വീകരണത്തിൽ പങ്കെടുത്തതിനുശേഷം ഞാനും ശ്രീ. ജോണി നെല്ലൂരും സതീഷ് കുമാറിന്റെ വീട്ടിൽ പോയി. സതീഷ്കുമാറിന്റെ വീടിനു മുന്നിൽ ഓലമേഞ്ഞ ചെറിയ ഒരു വീട്, ആ വീട്ടിലെ പെൺകുട്ടി എന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു സതീഷ്കുമാറിനെ ഷാജി, രാമചന്ദ്രൻ, മോഹനൻ അടക്കമുള്ള ആളുകൾ ചവുട്ടി മാരകമായി പരിക്കേല്പിക്കുന്നത് കണ്ടുവെന്ന് പറഞ്ഞെങ്കിലും പോലീസ് ഓഫീസർമാർ മൊഴി രേഖപ്പെടുത്തിയില്ല എന്ന്. മുഖ്യമന്ത്രി ഇക്കാര്യം അന്വേഷിക്കണം. നിങ്ങൾക്ക് സതീഷ്കുമാറുമായിട്ട് ബന്ധമുണ്ടെന്ന് അവിടെ ചില പോലീസ് ഉദ്യോഗസ്ഥന്മാർ ആ പെൺകുട്ടിയോട് പറയുകയുണ്ടായി. ബന്ധമുള്ളതുകൊണ്ട് മൊഴി രേഖപ്പെടുത്താൻ പാടില്ല. അത് ഏത് നിയമത്തിലാണ് പറഞ്ഞിരിക്കുന്നത്? അവസാനം ജനപ്രതിനിധികൾ ചെന്നു പ്രശ്നം ഉണ്ടാക്കിയപ്പോൾ എ.എസ്.പി. അടക്കമുള്ള ആളുകൾ മൊഴി രേഖപ്പെടുത്തി. ഭർത്താവിനെ കൊല്ലുന്നത് ഭാര്യ കണ്ടാൽ ഭാര്യക്ക് മൊഴി കൊടുക്കാം. ഭാര്യ ദൃക്സാക്ഷിയാണ്. ആ ദൃക്സാക്ഷി പറയുന്ന കാര്യം രേഖപ്പെടുത്താൻ പോലീസ് വൈമുഖ്യം കാണിച്ചു. അതു കഴിഞ്ഞ് മരണം ഹൃദയസ്തംഭനംമൂലമാണെന്ന് പറയുന്നു. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒരു കാര്യം ഓർമ്മപ്പെടുത്താനുണ്ട്. പണ്ട് പരുമലയിൽ കോളേജ് കുട്ടികൾ മരിച്ച അവസരത്തിൽ അവിടെയും രേഖപ്പെടുത്തിവന്നത് മരണം ഹൃദയസ്തംഭനംമൂലമാണെന്നാണ്. എല്ലാപേരും മരിക്കുന്നത് ഹൃദയസ്തംഭനം മൂലമാണെന്നാണ് ഡോ. കെ.സി. ജോസഫ് പറയുന്നത്. അക്കാര്യം ഞാൻ സമ്മതിക്കുന്നു. അദ്ദേഹം പറയുന്നു എല്ലാപേരും മരിക്കുന്നത് ഹൃദയം നിന്നിട്ടാണ് എന്നാണ്. ഹൃദയം നിന്നു. ഹൃദയം നിർത്തിയ ആളുകൾ ആരാണ്? ഹൃദയം നിർത്തിയ ആളുകളെ പ്രതിയാക്കാൻ വൈമനസ്യം കാണിക്കുന്നു. സദാനന്ദൻ പ്രതിയെ മർദ്ദിച്ചുവെന്നുപറഞ്ഞ് അദ്ദേഹത്തിന്റെ പേരിൽ കള്ളകേസ് എടുത്ത് റിമാൻഡ് ചെയ്തു. സദാനന്ദൻ അടക്കം അഞ്ചുപേരുടെ പേരും പിന്നെ കണ്ടാൽ അറിയാവുന്ന മറ്റ് പ്രതികളുടെയും പേർക്ക് കേസ് എടുത്തിരിക്കുന്നു. ആ പരിസരപ്രദേശങ്ങളിൽ വീടുകളിൽ പുരുഷന്മാർ താമസിക്കുന്നില്ല. എല്ലാപേരെയും കേസിൽ പ്രതിയാക്കുകയാണ്. ഇത് കൃത്യമായി അന്വേഷിക്കാനും നടപടി സ്വീകരിക്കാനും ഫലപ്രദമായ നടപടികളുമായി മുന്നോട്ടുപോകാനും ഗവൺമെന്റ് സന്നദ്ധമാകാത്തതിലുള്ള പ്രതിഷേധം രേഖപ്പെടുത്തികൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട മറ്റു അംഗങ്ങളും വാക്കൗട്ടിൽ പങ്കുചേരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി)

(ശ്രീമതി. കെ.ആർ. ഗൗരിയമ്മയും സഭവിട്ടു പുറത്തുപോയി)

സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനു ശേഷം സഭയിൽ വീണ്ടും ഹാജരായി.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കോടതിയുടെ പരിഗണനയിലിരിക്കുന്നതും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടറുടെ അന്വേഷണത്തിലിരിക്കുന്നതുമായ രണ്ട് കേസുകളുടെ കാര്യമാണ്. അത് കോടതി വിധിക്കണം. പ്രതിപക്ഷം പറഞ്ഞതുകൊണ്ട് അത് കോടതിയുടെ വിധിയാവുകയില്ല. കോടതി വിധിയാണ് പ്രധാനം.

III. ശ്രദ്ധക്ഷണിക്കൽ

1. ലോട്ടറികൾ നിരോധിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കേരളത്തിൽ രണ്ടര ലക്ഷത്തിലധികം പേരുടെ ജീവിതമാർഗ്ഗമാണ് ലോട്ടറി നിരോധനത്തിലൂടെ കേന്ദ്രം തകർത്തിരിക്കുന്നത്. വേറെ യാതൊരു തൊഴിലും ചെയ്യാൻ കഴിയാത്ത വികലാംഗരും മറ്റുമായ വളരെയേറെ ആളുകൾ എത്രയോ വർഷങ്ങളായി ലോട്ടറി ടിക്കറ്റ് വിറ്റ് ഉപജീവനം കഴിയുന്നു. അവരെയെല്ലാം നടുക്കയത്തിൽ എറിയാനാണ് ഈ തീരുമാനം വഴി കേന്ദ്രം ശ്രമിക്കുന്നത്. കേരളത്തിലെ ഭാഗ്യക്കുറി വടക്കേന്ത്യൻ സംസ്ഥാനങ്ങളിലെ ജനങ്ങളെ കബളിപ്പിച്ച് തട്ടിക്കുന്നതുപോലുള്ള ഭാഗ്യക്കുറി അല്ല. സ്വകാര്യ വ്യക്തികളിൽ പലരും ലോട്ടറി നടത്തി കോടിക്കണക്കിന് രൂപ ജനങ്ങളെ പറ്റിച്ചിട്ടുണ്ട്. എന്നാൽ അത്തരം തട്ടിപ്പു പദ്ധതികൾക്ക് അവസരം നൽകാതെ അന്തരിച്ചുപോയ ജനാബ് പി.കെ. കുഞ്ഞു സാഹിബ് കേരളത്തിലെ ധനകാര്യമന്ത്രി ആയിരുന്നപ്പോഴാണ് കേരളത്തിൽ സർക്കാർ മുൻകൈയെടുത്ത് ലോട്ടറി ആരംഭിച്ചത്. മൂന്നുദശാബ്ദങ്ങളായി ആക്ഷേപരഹിതമായി നടക്കുന്നതാണ്. കേരളത്തിലെ ലോട്ടറി സർക്കാരിന് പ്രതിവർഷം 16 കോടിയിൽപരം രൂപചെലവ് കഴിച്ച് ലാഭം കിട്ടുന്നുണ്ട്. അതിനേക്കാൾ പ്രധാനമാണ് ഒരു പൈസയും സർക്കാർ മുടക്കാതെ നാട്ടുകാരുടെ ചെലവിൽ രണ്ടര ലക്ഷം കുടുംബങ്ങൾ ലോട്ടറി ടിക്കറ്റ് വിറ്റ് കിട്ടുന്ന വരുമാനത്തിൽ കുടുംബം പോറ്റുന്നു എന്നത്. ഭാഗ്യക്കുറി വീണുകിട്ടുന്ന ഭാഗ്യവാൻമാരെക്കാളും തുണയായി നിൽക്കുന്നത് ലോട്ടറി ടിക്കറ്റ് വിൽക്കുന്ന ഏജന്റുമാർക്കാണ്. അതെല്ലാം വിസ്മരിച്ചിട്ടാണ് കേരളത്തിലെയടക്കം എല്ലാ സംസ്ഥാനങ്ങളിലെയും ലോട്ടറി നിരോധിക്കാൻ കേന്ദ്രം തീരുമാനിച്ചിരിക്കുന്നത്. സ്വകാര്യ മേഖലയുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാനും ഉണ്ടാക്കുന്ന ലാഭം അവരുടെ ജീവിത സൗകര്യങ്ങൾക്കായി വിനിയോഗിക്കാനും ആയിരുന്നു പതിറ്റാണ്ടുകൾക്കുമുമ്പ് സ്വകാര്യ മേഖലയെ നിയന്ത്രിച്ചതും പൊതുമേഖലയെ വളർത്തിയതും. ബഹുമാനപ്പെട്ട സുപ്രീംകോടതി 1999 ജൂലൈയിൽ കേന്ദ്ര ഗവൺമെന്റിന്റെ ലോട്ടറി നിരോധന നീക്കത്തിനെതിരെ വിധി പുറപ്പെടുവിച്ചതാണ്. ലോട്ടറി നടത്താനുള്ള അധികാരം

LIBRARY ARCHIVES Kerala Legislative Assembly